# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1764 14.08.2017-ൽ മറുപടിക്ക്**

**ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രമസമാധാന നില സംബന്ധിച്ച് മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവരെ രാജ്ഭവനിലേക്ക് വിളിച്ച് വരുത്തി ഗവർണർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നോ;<br>(ബി) എങ്കിൽ ഏതൊക്കെ സംഭവങ്ങളുടെ പശ്ചാത്തലത്തിനാണ് ഈ അസാധാരണ നടപടി ഉണ്ടായതെന്ന് വിശദീകരിക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്ത് നടന്ന ചില അനിഷ്ട സംഭവങ്ങളുടെ വിവരങ്ങൾ ഗവർണ്ണർ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും, സംസ്ഥാന പോലീസ് മേധാവിയും ഗവർണ്ണറെ സന്ദർശിച്ചിരുന്നു. |
| (സി) സംസ്ഥാനത്തെ രാഷ്ട്രീയ അതിക്രമങ്ങൾ ആശങ്കാജനകമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അഭിപ്രായ പ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) തലസ്ഥാനത്ത് ആറ് ദിവസം നിരോധനാജ്ഞ പ്രഖ്യാപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഏതൊക്കെ രാഷ്ട്രീയപാർട്ടികളാണ് തലസ്ഥാന നഗരിയിലുണ്ടായ അതിക്രമങ്ങൾക്കും കൊലപാതകത്തിനും പിന്നിലെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ഡി) അഞ്ച് ദിവസം നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നു. തലസ്ഥാന നഗരിയിലുണ്ടായ അക്രമ സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്, അന്വേഷണം അവസാനിക്കുന്ന മുറക്ക് മാത്രമേ രാഷ്ട്രീയ പാർട്ടികളുടെ ബന്ധം വെളിപ്പെടുകയുള്ളൂ. |

(ഇ) സംസ്ഥാനത്തെ ക്രമസമാധാന നില വീണ്ടെടുക്കുന്നതിന് വേണ്ടിയാണോ 31.07.2017 ൽ ഉയർന്ന പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ സ്ഥലംമാറ്റം ഉത്തരവായത് എന്നറിയിക്കാമോ;

(ഇ) അല്ല.

(എഫ്) കണ്ണൂരിലെ അതിക്രമങ്ങൾ അമർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ച ചേർത്ത സമാധാന യോഗങ്ങളിലെടുത്ത തീരുമാനം രാഷ്ട്രീയ പാർട്ടികൾ ലംഘിച്ചിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(എഫ്) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്തുവാൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നല്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ പോലീസ് കൈക്കൊണ്ട് വരുന്നു.

**സെക്ഷൻ ഓഫീസർ**